# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:74** **27.04.2017-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ.വി. ജോയി | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായും മാനവശേഷി വികസനത്തിനായും ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | എ) മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായും മാനവശേഷി വികസനത്തിനായും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. |
| ബി) ഇവരുടെ സാമൂഹ്യസാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കാനായി നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | ബി) മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യസാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കാനായി നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു. |
| സി) ബയോഷീൽഡ് വികസനത്തിൽ പ്രദേശവാസികളുടെ സഹകരണവും പങ്കാളിത്തവും ഉറപ്പാക്കാൻ സാധ്യമായിട്ടുണ്ടോ എന്നറിയിക്കാമോ? | സി) തീരദേശത്ത് മത്സ്യത്തൊഴിലാളികളുടെയും പ്രദേശവാസികളുടെയും സഹകരണവും പങ്കാളിത്തവും ഉറപ്പാക്കിയാണ് ബയോഷീൽഡ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ബയോഷീൽഡ് പദ്ധതിയ്ക്ക് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്ന പ്രാരംഭ പ്രവർത്തനങ്ങളും തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ വിവര ശേഖരണവുമാണ് ആദ്യ ഘട്ടമെന്ന നിലയിൽ ആരംഭിച്ചിട്ടുള്ളത്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് പ്രദേശവാസികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് നടപടി കൈക്കൊള്ളു ന്നതാണ്. |

സെക്ഷൻ ആഫീസർ

## അനുബന്ധം (എ)

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായും മാനവശേഷി വികസനത്തിനായും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

### ഫിഷറീസ് വകുപ്പ്

1. ഭവന രഹിതരായ 3149 മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതി.
2. ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ഭൂമി അനുവദിക്കുന്ന പദ്ധതി.
3. ഭൂരഹിത ഭവന രഹിതരായ 750 മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകുന്ന പദ്ധതി.
4. കടലാക്രമണത്താൽ ഭൂമിയും വീടും നഷ്ടപ്പെട്ട 248 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പദ്ധതി.
5. 4500 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനരുദ്ധരിക്കുന്ന പദ്ധതി-2000ലക്ഷം രൂപ
6. 1700 ആരോഗ്യകരമായ ശൗചാലയ നിർമ്മാണ പദ്ധതി-297.50 ലക്ഷം രൂപ
7. മത്സ്യത്തൊഴിലാളികളുടെ കോളനി നവീകരണ പരിപാടി-750 ലക്ഷം രൂപ
8. 60 മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ബോധവൽക്കരണ പരിപാടി.
9. മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് കരിയർ ഗൈഡൻസ് 72 എണ്ണം
10. 50 മെഡിക്കൽ ക്യാമ്പുകൾ
11. അക്ഷരസാഗരം 10 ലക്ഷം രൂപ
12. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യമായി 20 കോടി.
13. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി, ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി.
14. മത്സ്യത്തൊഴിലാളി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം-227 ലക്ഷം രൂപ
15. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ചെലവ് വഹിക്കൽ.
16. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാലയത്തിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് തടയൽ പദ്ധതിപ്രകാരം - 4000 പേർക്ക്
17. ഫിഷറീസ് സ്ക്കൂളുകളുടെ നവീകരണ പദ്ധതി.
18. മത്സ്യത്തൊഴിലാളികളുടെ മക്കൾ പഠിക്കുന്ന 20 സ്ക്കൂളുകളിൽ അടുക്കളപ്പുര നവീകരണ പദ്ധതി - 200 ലക്ഷം രൂപ
19. 40 തീരദേശ സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതി.
20. കൊല്ലം, എറണാകുളം, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിലെ മത്സ്യത്തൊഴിലാളികളുടെ 8,9 ക്ലാസുകളിൽ പഠിക്കുന്ന പെൺമക്കൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി - 2000 പേർക്ക്

21. തീരദേശത്തെ സ്ക്കൂളുകളിൽ കായിക സൗകര്യവും കളിസ്ഥലവും ഏർപ്പെടുത്തുന്ന പദ്ധതി- 50 സ്കൂളുകൾ

22. തീരദേശത്തെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം .തീരദേശത്തെ ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പി ക്കൽ 2016-17 - 2325.5 ലക്ഷം രൂപ

23. മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീ ശാക്തീകരണം സാധ്യമാക്കുന്ന തീരമൈത്രി പദ്ധതി- 5 കോടി രൂപ

24. മത്സ്യത്തൊഴിലാളികൾ മത്സ്യഫെഡിൽ നിന്നും എടുക്കുന്ന വായ്പകൾക്ക് പലിശ ഒഴിവാക്കി നൽകുന്ന പദ്ധതി.

25. മത്സ്യത്തൊഴിലാളി യുവതികൾക്കായി തീരനൈപുണ്യ പദ്ധതി.

26. മത്സ്യത്തൊഴിലാളി വനിതകൾക്ക് പലിശ രഹിത വായ്പ.

27. ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം.

28. മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണം- (4000 എണ്ണം)- 800 ലക്ഷം രൂപ

29. തീരപ്രദേശത്ത് അംഗനവാടികൾ, ലൈബ്രറികൾ എന്നിവ ഒരുക്കലും സൗകര്യം മെച്ചപ്പെടുത്തലും.

30. മത്സ്യത്തൊഴിലാളി അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി.

31. മത്സ്യത്തൊഴിലാളി സാമ്പത്തിക താങ്ങൽ പദ്ധതി.

32. മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യ ശീലം വർദ്ധിപ്പിക്കുന്നതിന് സമ്പാദ്യ സമാശ്വാസ പദ്ധതി.

33. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി -31.5 കോടി രൂപ

34. മത്സ്യത്തൊഴിലാളികൾക്ക് ഉല്പാദന ബോണസ്സ് - 83.55 ലക്ഷം രൂപ

35. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ സ്വന്തമാക്കുന്നതിന് വായ്പാ പദ്ധതി.

36. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് കെട്ടിട സമുച്ചയം നിർമ്മിക്കുന്ന പദ്ധതി.

37. കടലിൽ കൂടുകളിൽ മത്സ്യകൃഷി നടത്തുന്ന പദ്ധതി (സീകേജ് ഫാമിംഗ് പദ്ധതി)

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്**

തീരദേശ മേഖലയിൽ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി മത്സ്യബന്ധന തുറമുഖങ്ങൾ, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ, തീരദേശ റോഡുകൾ, പാലങ്ങൾ, ഫിഷ് ഹാച്ചറികൾ, ഫിഷറീസ് സ്കൂളുകൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ആഫീസർ**

## അനുബന്ധം (ബി)

മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യസാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കാനായി നടപ്പാക്കാനുദ്ദേശിക്കുന്നതും നടപ്പാക്കി വരുന്നതുമായ കാര്യങ്ങൾ ചുവടെ ചേർക്കുന്നു

**ഫിഷറീസ് വകുപ്പ്**

സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ ഉന്നമനത്തിനായി ഫിഷറീസ് വകുപ്പ് മുഖേന ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതി, ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ഭൂമി കണ്ടെത്തുന്ന പദ്ധതി, ഭൂരഹിത ഭവന രഹിത മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകുന്ന പദ്ധതി, കടലോരത്ത് കടലാക്രമണ ഭീഷണിയിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് ഒരാൾക്ക് 10 ലക്ഷം രൂപ ധനസഹായത്തോടെ പുനരധിവസിപ്പിക്കുന്ന പദ്ധതി, ഭവന പുനരുദ്ധാരണ പദ്ധതി, ആരോഗ്യകരമായ ശൗചാലയ നിർമ്മാണ പദ്ധതി, മത്സ്യത്തൊഴിലാളി കോളനി പുനരു ദ്ധാരണ പദ്ധതി, മത്സ്യത്തൊഴിലാളി ബോധവത്ക്കരണ പരിപാടി, മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് കരിയർ ഗൈഡൻസ്, മെഡിക്കൽ ക്യാമ്പ്, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം, സൗജന്യ പി.എസ്.സി. ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി, മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ചെലവ് എന്നീ പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു ണ്ട്. കുടിവെള്ളം, വൈദ്യുതീകരണം, തീരദേശ സ്കൂളുകളുടെയും ഫിഷറീസ് ഡിസ്പെൻസറികളുടെയും പുന രുദ്ധാരണ പ്രവർത്തനങ്ങൾ, ആധുനിക മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം, അംഗൻവാടി, ലൈബ്രറി, ഹൈമാസ്റ്റ് ലൈറ്റ് എന്നിവയുടെ നിർമ്മാണം, മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ നിർമ്മാണം തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളി വനിതകളുടെ ക്ഷേമത്തിനായി സാഫ് മുഖേന തീരമൈത്രി പദ്ധതി നടപ്പിലാക്കുന്നു. സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക, സാങ്കേതിക പരിപാലന സഹായം, ഫിഷ് വെൻഡിംഗ് യൂണിറ്റ്, തീരനൈപുണ്യ പദ്ധതി, പുനർജ്ജനി, ലഹരി വിരുദ്ധ ക്യാമ്പ് പലിശരഹിത വായ്പ തുടങ്ങി വിവിധ പദ്ധതികൾ സാഫ് മുഖേന നടപ്പിലാക്കുന്നു ണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യ ശീലം വർദ്ധിപ്പിക്കുന്നതിനും പഞ്ഞമാസങ്ങളിൽ സാമ്പത്തിക സഹായം ഉറപ്പാക്കുന്നതിനും ആവശ്യമായ സമ്പാദ്യ സമാശ്വാസ പദ്ധതിയും, രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക്

ഒറ്റത്തവണ ധനസഹായമായി സാമ്പത്തിക താങ്ങൽ പദ്ധതിയും നടപ്പിലാക്കി വരുന്നു. കേന്ദ്ര സർക്കാരിന്റെ നീല വിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി സീ കേജ് ഫാമിങ് അഡാക്ക് മുഖേന കൊല്ലം, എറണാകുളം, കണ്ണൂർ ജില്ലകളിൽ നടപ്പിലാക്കി വരുന്നു.

ഗ്രീൻ ക്ലൈമറ്റ് ഫണ്ടിന്റെ ധനസഹായത്തോടെ തീരദേശ ജനതയെ പുനരധിവസിപ്പിക്കുന്നതിനും തീരത്ത് ബയോഷീൽഡ് വച്ച് പിടിപ്പിക്കുന്നതിനും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുതകുന്ന പദ്ധതികൾ നടപ്പാക്കുന്നതിനുമായി 12457 കോടി രൂപയുടെ പദ്ധതി അംഗീകാരത്തിനായി സമർപ്പിച്ചിട്ടു ണ്ട്.

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

- നിലവിൽ പുരോഗമിച്ചു വരുന്ന മത്സ്യബന്ധന തുറമുഖങ്ങളുടെയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെയും പൂർത്തീകരണം
- പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ രണ്ടാംഘട്ട/മൂന്നാംഘട്ടവികസനം
- ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചുവരുന്ന പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം.
- പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ പരിപാലനത്തിനായി മെയിന്റനൻസ് ഡ്രഡ്ജിംഗും പ്രധാന അറ്റകുറ്റപ്പണികളും.
- നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങളെ യൂറോപ്യൻ നിലവാരത്തിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതികൾ.
- തീരദേശ മേഖലയിലെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം.

**സെക്ഷൻ ആഫീസർ**